# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5230 — 27.06.2019 ൽ മറുപടിയ്ക്ക്

## സപ്ലൈകോയുടെ നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ നെല്ല് സംഭരണം നടത്തിയ വകയിൽ ആലപ്പുഴ,പാലക്കാട്, കോട്ടയം ജില്ലകളിൽ കർഷകർക്ക് നൽകുവാനുള്ള കുടിശിക കൊടുത്തു തീർത്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഇല്ല. സപ്ലൈകോ നെല്ല് സംഭരണം നടത്തിയ വകയിൽ ആലപ്പുഴ, പാലക്കാട്, കോട്ടയം ജില്ലകളിൽ കർഷകർക്ക് നൽകുവാനുള്ള കുടിശ്ശിക താഴെപ്പറയും പ്രകാരമാണ്.<br>ആലപ്പുഴ - 70.40 കോടി രൂപ<br>കോട്ടയം - 68.76 കോടി രൂപ<br>പാലക്കാട് - 109.53 കോടി രൂപ |
| (ബി) | എത്ര രൂപ നിരക്കിലാണ് സപ്ലൈകോ നെല്ല് സംഭരിക്കുന്നതെന്നും ആയതിന്റെ കേന്ദ്ര-സംസ്ഥാന അനുപാതവും വ്യക്തമാക്കാമോ; | (ബി) | 25.30 രൂപ/കിലോഗ്രാം എന്ന നിരക്കിലാണ് സപ്ലൈകോ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചു വരുന്നത്. ആയതിന്റെ കേന്ദ്ര വിഹിതം 17.50 രൂപ/ കിലോഗ്രാമും, സംസ്ഥാന വിഹിതം 7.80 രൂപ/ കിലോഗ്രാം ആണ്. |
| (സി) | കേന്ദ്ര ഫണ്ട് യഥാസമയം കിട്ടുന്നുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാന സർക്കാർ ഈ തുക ആദ്യമേ കർഷകർക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (സി) | കേന്ദ്ര ഫണ്ട് ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നുണ്ട്. സംഭരിച്ച നെല്ലിന്റെ പണം കർഷകർക്ക് സമയബന്ധിതമായി പി.ആർ.എസ്. ലോൺ മുഖേന ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 16 ബാങ്കുകളുമായി സപ്ലൈകോ ധാരണ ആകുകയും ഇപ്രകാരം സംഭരിച്ച നെല്ലിന്റെ വില താമസം കൂടാതെതന്നെ കർഷകർക്ക് ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | നെല്ലുവില ഉടനെ കർഷകർക്ക് ലഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന സംവിധാനങ്ങൾ വ്യക്തമാക്കാമോ; | (ഡി) | നെല്ലിന്റെ തുക കർഷകർക്ക് സമയബന്ധിതമായി നൽകുന്നതിനായി തുടങ്ങിയ പദ്ധതിയാണ് പി.ആർ.എസ്. വായ്പാ പദ്ധതി. ഈ പദ്ധതി പ്രകാരം സപ്ലൈകോയുമായി 16 ബാങ്കുകൾ ധാരണാപത്രം |

| | | | |
|---|---|---|---|
| | | | ഒപ്പിട്ടിട്ടുണ്ട്. സപ്ലൈകോയ്ക്ക് നെല്ല് നൽകുന്ന കർഷകർ പാഡി റെസീപ്റ്റ് ഷീറ്റിന്റെ അസ്സൽ മേൽപ്പറഞ്ഞ ബാങ്കുകളിൽ ഹാജരാക്കുന്ന മുറയ്ക്ക് വായ്പയുടെ അർഹത പരിശോധിച്ച് ബാങ്കുകൾ കർഷകർക്ക് വായ്പാതുക ഉടൻതന്നെ നൽകുന്ന പദ്ധതിയാണിത്. |
| (ഇ) | ആയത് യഥാർത്ഥ കർഷകന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവരുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ? | (ഇ) | പാഡി റെസീപ്റ്റ് ഷീറ്റിന്റെ അസ്സൽ ബാങ്കുകളിൽ സമർപ്പിച്ചാൽ മാത്രമേ കർഷകൻ നൽകിയ നെല്ലിന്റെ വില ബാങ്കുകൾ വായ്പയായി നൽകുകയുള്ളൂ. നെല്ലിന്റെ വില യഥാർത്ഥ കർഷകന് ലഭിക്കുന്നുവെന്ന് ഇതുവഴി ഉറപ്പാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ